
# PETALS
## of Malankara

എവർക്കും ഹൃദയം നിറഞ്ഞ

# ഓണാശംസകൾ



**172500+**
Happy Members

**22120+**
Depositors

**67345+**
Loanees

Vol: 56 | Issue: August 2026

# MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | customercare@mmsccs.com | Toll-free: 1800 313 1223

**boCHE**

812 Km. Run Unique World Record & Guinness Record Holder : World Peace

Social Worker | Sportsman | Businessman | Motivator | Entertainer


## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

## GO GREEN INITIATIVE

**Our goal is to provide 1 crore tree saplings through the Go Green Initiative**



**Tree Saplings Distributed So Far 21,375**


Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Malankara Credit Society**



**Editorial Board**

Chief Editor
**Mr. Jisso Baby**
Chairman

Sub Editor
**Mrs.Mariyama Pious**
Vice Chairperson

**Vijay Sebastian**
**Printo C J**
**Arjun M Nair**
**Amalu P S**
**Sageesh C Gireesh**

Design & Layout
**Adham Antony**






ജിസ്റ്റോ ബേബി

# MESSAGE

**ലോകത്തിലെ ആയിരകണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

പ്രിയപ്പെട്ട സൊസൈറ്റി അംഗങ്ങൾക്ക്,

സ്വാതന്ത്ര്യദിനം എന്നത് നമ്മുടെ രാജ്യം കൈവരിച്ച പരമാധികാരത്തിന്റെയും, അത് നേടിയെടുക്കാൻ ജീവൻ ത്യജിച്ച ആയിരക്കണക്കിന് പോരാളികളുടെ ത്യാഗത്തിന്റെയും ഓർമ്മപ്പെടുത്തലാണ്. ഓരോ സ്വാതന്ത്ര്യദിനാഘോഷവും വെറുമൊരു ചടങ്ങല്ല, മറിച്ച് നാനാത്വത്തിൽ ഏകത്വം കാത്തുസൂക്ഷിക്കാനും, സാമ്പത്തികവും സാമൂഹികവുമായ സ്വയംപര്യാപ്തതയിലൂടെ ഒരു പ്രബുദ്ധ രാഷ്ട്രമായി മുന്നേറാനുമുള്ള നമ്മളോരോരുത്തരുടെയും പ്രതിജ്ഞ പുതുക്കലാണ്. രാജ്യത്തിന്റെ മുന്നേറ്റത്തിൽ പങ്കാളികളാകാനും സ്വന്തം കുടുംബത്തിനും സമൂഹത്തിനും സുരക്ഷിതമായ ഒരു ഭാവി കെട്ടിപ്പടുക്കാനും ഈ ദിവസം നമ്മെ പ്രചോദിപ്പിക്കുന്നു.

മനുഷ്യരെല്ലാവരും ഒന്നുപോലെ കഴിഞ്ഞിരുന്ന ഐശ്വര്യപൂർണ്ണമായ ഒരു ഭൂതകാലത്തിന്റെ തിളങ്ങുന്ന ഓർമ്മ പുതുക്കലാണ് ഓരോ ഓണക്കാലവും. ജാതിമത ഭേദമന്യേ മലയാളി ഹൃദയങ്ങളിൽ ഒത്തുചേരലിന്റെയും, സ്നേഹത്തിന്റെയും, പൂക്കളങ്ങളുടെയും, സമൃദ്ധമായ സദ്യയുടെയും സന്തോഷം നിറയ്ക്കുന്ന ഉത്സവമാണിത്. പ്രതീക്ഷകളുടെയും ഐശ്വര്യത്തിന്റെയും സന്ദേശം പകർന്നുനൽകുന്ന തിരുവോണം, പരസ്പര സഹകരണത്തിലൂടെ സമ്പന്നമായ ഒരു നാളെ പണിതുയർത്താനുള്ള പ്രചോദനം കൂടിയാണ്.

ഓണം സമൃദ്ധിയുടെ ഉത്സവമാകുന്നതുപോലെ തന്നെ, നമ്മുടെ കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്. വിളവെടുത്ത ശേഷം വരുംകാലത്തേക്ക് കരുതൽ ശേഖരിച്ചുവെക്കുന്ന പഴയകാല കാർഷിക സംസ്കാരം പോലെ തന്നെയാണ് ഇന്ന് നാം നടത്തുന്ന ചിട്ടയായ സാമ്പത്തിക നിക്ഷേപങ്ങളും ഓണക്കാലത്ത് നാം ലക്ഷ്യമിടുന്ന ആ സുഖസമൃദ്ധിയും സമാധാനവും നമ്മുടെ ഭാവിജീവിതത്തിലും എന്നും നിലനിൽക്കാൻ, കൃത്യമായ സാമ്പത്തിക ആസൂത്രണവും സുരക്ഷിതമായ നിക്ഷേപശീലങ്ങളും ഇന്നേ ആരംഭിക്കാം.

എല്ലാവർക്കും എന്റെയും മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെയും ഹൃദയം നിറഞ്ഞ സ്വാതന്ത്ര്യദിനാശംസകളും, തിരുവോണാശംസകളും നേരുന്നു!

എന്ന് നിങ്ങളുടെ സ്വന്തം,

ചെയർമാൻ

# FROM THE DESK OF CEO



Sivaprakash.P

# Health Is the Wealth

Dear Members,

We often hear the simple saying, "Health is our greatest wealth." At Malankara, we believe this is something we should remind ourselves of, especially during the rainy season.
In our busy lives, we naturally give importance to work, business and financial responsibilities. But our health should never take a back seat. Good health is the foundation of a happy family, a successful career and a fulfilling life.
As we are experiencing the rainy season in Kerala, the Malankara Multi-State Co-operative Credit Society Ltd. sincerely requests all our members and their families to take extra care of their health. Changes in weather, increased humidity and stagnant water can increase the risk of seasonal illnesses.
We encourage every Malankara member to follow a few simple precautions:

- Keep your surroundings clean and avoid stagnant water.
- Drink safe and clean water and stay well hydrated.
- Choose fresh, nutritious food prepared in a hygienic manner.
- Maintain good hand hygiene and personal cleanliness.
- Take precautions against mosquitoes and other insects.
- Do not ignore persistent symptoms and seek medical advice when required.
- Give special attention to children and elderly family members.

A Special Request from Malankara
We request every member to make health a priority—not only for yourself, but also for your family. A little care and awareness today can help prevent illness tomorrow.
Let us remember: A healthy family is a strong family, and healthy members make a stronger Malankara community.
At Malankara, our relationship with our members goes beyond financial services. We value the wellbeing of every member and their family. Your health, happiness and prosperity are important to us.
Take care of yourself. Take care of your family. Stay healthy, stay safe and stay strong.

Warm Regards,
**Sivaprakash.P**
**Dy CEO, Malankara Credit Society**

## പൊന്നോണം

ഓണം എന്നും പൊന്നോണം
മാവേലി മന്നൻ വരു നാള്
പൂക്കളമിട്ടു സദ്യയൊരുക്കി
പുത്തനുടുപ്പിട്ടു കാത്തിരിപ്പൂ...
ഓണക്കളികളിൽ ഒത്തൊരുമിച്ച്
ഓണത്തപ്പനെ വരവേൽക്കാൻ
ഊഞ്ഞാലിട്ടു പായസമൊരുക്കി
കുട്ടരുമൊത്തു കൂട്ടുകൂടി
സന്തോഷത്തിൻ ഓണനാളിൽ
സംഘം ചേർന്നു തിരുവാതിരയും
ഒത്തൊരുമിച്ചു സ്നേഹമൊരുക്കി
ആവേശത്തോടെ ഏറ്റുപാടിടാം
വന്നേ വന്നേ പൊന്നോണം
ചിങ്ങത്തിൻ പുതുപുലരി...



**AMEYA KRISHNA. K**
D/o Nithya.p
Ottapalam



## തിരുവോണം

മാവേലി മന്നൻ വരുന്നനേരം
മനസ്സാകെ സന്തോഷതുടിക്കൊട്ട്
സൗരഭ്യം പടർത്തു പൂക്കളാൽ
പല പല വർണ്ണക്കൂട്ടുകളിൽ
മനസ്സിലും മിഴികൾ മുന്നിലു
മുറ്റമാകെ വിടർന്നുതളിർത്തു
ചിത്രരൂപേണ പുത്തിരിക്കുന്നു
വാനിൽ ഉയർന്നു പറന്ന്
പൊന്നോണം വന്നേ വിളിച്ചോതി
തുമ്പിക്കൂട്ടത്തിൻ കോലാഹലം
നാട്ടിലിറങ്ങും പുള്ളിപുലികളും
കാതിനിമ്പമേറും തിരുവാതിരപ്പാട്ടുകൾ
ചേലൊത്ത കൈകൊട്ടികളികൾ
ഓണപ്പാട്ടിൻ ഈരടികൾ എങ്ങും
താളത്തിൽ മുഴങ്ങീടുന്നു
ആടുന്ന ഊഞ്ഞാലുകൾ
പുത്തൻ പുതുവസ്ത്രത്തിൻ
നിറഭേദങ്ങൾ കുളിർമയായിടും
പാലടപായസത്തിൻ മാധുര്യവും
എന്നും നല്ലോണം എന്നുമീ
പൊന്നോണം എന്നോണം.
പൊന്നും തിരുവോണം.



**YADHUKRISHNA.K**
S/o Nithya.p
Ottapalam

# പൊട്ടിയ കണ്ണാടി ചില്ല്.

അയാൾ ഒരു നാൽക്കവലയിൽ നിൽക്കുകയായിരുന്നു, അവിടെ സംഭവിച്ചിരുന്ന ഒരു ആക്സിഡന്റിന്റെ ഫലമായി വാഹനങ്ങളുടെ പൊട്ടിയ കണ്ണാടി ചീളുകൾ കിടക്കുന്നത് കണ്ടു. അയാൾ സമീപത്തു നിന്നയാളിനോടു പറഞ്ഞു, എന്റെ ജീവിതവും ഇതു പോലെ തകർന്നതാണ്. ആ സ്നേഹിതൻ ചോദിച്ചു നിനക്കെന്തു പറ്റി. അയാൾ പറഞ്ഞു ആകെ തകർന്നു. ആ സ്നേഹിതൻ അവിടെ കിടന്ന ഒരു കണ്ണാടി കഷണം എടുത്തു കൊണ്ടുവന്ന് അയാളെ കാണിച്ചു, എന്നിട്ട് ചോദിച്ചു, നിനക്ക് വല്ലതും കാണാമോ? അയാൾ ചോദിച്ചു, ഇത് ആ പൊട്ടിയ കണ്ണാടിയുടെ ഒരു കഷണം അല്ലേ? ഇതിൽ എന്തെങ്കിലും കാണാൻ കഴിയുമോ? അയാൾ പറഞ്ഞു എന്റെ മുഖം കാണാം. വീണ്ടും കണ്ണാടി മറ്റൊരു ദിശയിലേക്ക് പിടിച്ചിട്ട് എന്തു കാണാമെന്ന് ചോദിച്ചു. പിന്നിലത്തെ കാഴ്ചകളൊക്കെ കാണാം അയാൾ പറഞ്ഞു. വീണ്ടും സൂര്യാഭിമുഖമായി പിടിച്ചിട്ട് എന്ത് കാണാമെന്ന് ചോദിച്ചു സൂര്യനെ കാണുന്നു എന്ന് പറഞ്ഞു. അയാൾ പറഞ്ഞു, ഈ പൊട്ടിയ കണ്ണാടിക്കഷണത്തിലൂടെ ഇതൊക്കെ കാണുവാൻ കഴിയുമെങ്കിൽ, ഇതു പോലെ തകർന്നുവെന്ന് നിനക്ക് തോന്നുന്ന നിന്റെ ജീവിതത്തിൽ ഇനിയും എന്തെല്ലാം കാര്യങ്ങൾ നിറവേറ്റുവാൻ കഴിയും. നിന്റെ കാഴ്ചപ്പാട് ഒന്നു മാറിയാൽ മതി. ജീവിതത്തിന് ഒരു കുഴപ്പവും സംഭവിച്ചിട്ടില്ല. അത് അയാൾക്കൊരു പുതിയ ഉണർവ്വ് പ്രദാനം ചെയ്തു.

ആകെ തകർന്നുപോയി എന്നു തോന്നാവുന്ന അനേക സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടാകാം. പക്ഷേ ഒന്നും തകർന്നില്ലെന്ന് മനസ്സിലാക്കാൻ നമ്മുടെ ആന്തരിക ദൃഷ്ടികൾക്ക് പ്രകാശം ഉണ്ടാവണം. ജീവിതത്തിൽ പ്രതിസന്ധികൾ ധാരാളമുണ്ടാവാം. അതുകൊണ്ട് ജീവിതം തകർന്നുവെന്ന് കരുതരുത്. ജീവിതത്തിലെ ഒരു അവസ്ഥയും എന്നും നിലനിൽക്കുന്നതല്ല. ഒരു നദി പോലെയാണ് ജീവിതം. നദിക്കരയിൽ നിന്ന് നോക്കിയാൽ ആ നദിയിൽ എപ്പോഴും വെള്ളം ഒഴുകിക്കൊണ്ടിരിക്കും. എന്നാൽ നദിയിലേക്ക് ഇറങ്ങിയാൽ ഇപ്പോൾ നമ്മെ സ്പർശിച്ച വെള്ളം ഇനി ഒരിക്കലും സ്പർശിക്കില്ല അത് താഴേക്ക് ഒഴുകിപോയിരിക്കുന്നു. ഇപ്പോൾ വേറെ വെള്ളമാണ് നമ്മുടെ കാലിനെ സ്പർശിക്കുന്നത്. അതേ പ്രകാരം ജീവിതത്തിലെ ഓരോരോ അനുഭവങ്ങളും അവസ്ഥകളും ഇങ്ങനെ ഒഴുകിപ്പോയികൊണ്ടേയിരിക്കുകയാണ്. പുതിയ അനുഭവങ്ങളാണ് ഇനിയും ഉണ്ടാവുക. നദിയിലെ വെള്ളത്തിൽ നിന്ന് വ്യത്യസ്തമായി, ജീവിതത്തിൽ ഉണ്ടാകുന്ന പുതിയ അനുഭവങ്ങൾ ശ്രേഷ്ഠമാവാം. ചിലപ്പോൾ കുറച്ചുകൂടി മോശമായത് വന്നതിനു ശേഷമായിരിക്കാം ശ്രേഷ്ഠമായ അനുഭവങ്ങൾ ഉണ്ടാവുക. അതിനാൽ മോശം സന്ദർഭങ്ങളിൽ ആരും നിരാശപ്പെടേണ്ടതില്ല. പുതിയ അവസരങ്ങളെ സ്വീകരിക്കുവാൻ തയ്യാറാവുകയാണ് വേണ്ടത്. പൊട്ടിയ ചീളുകൾക്കും പലതിനെയും പ്രതിബിക്കുവാൻ കഴിയുന്നതു പോലെ തകർന്നുവെന്ന് തോന്നുന്ന നമ്മുടെ ജീവിതത്തിൽ ഇനിയും മഹത്തരമായ അനുഭവങ്ങൾ സാധ്യമാണ്. അത് ദർശിക്കുവാൻ നമ്മുടെ കണ്ണുകൾ പ്രകാശിക്കണം. അതൊരു ദൈവിക ദർശനമാണ്. (A divine vision). ആകയാൽ പ്രതിസന്ധികളിൽ നിന്ന് നമ്മുടെ ദൃഷ്ടികളെ മാറ്റി, ലഭിച്ചിട്ടുള്ള നന്മകളിലേക്ക് ശ്രദ്ധിക്കുവാൻ കഴിയട്ടെ. അപ്പോൾ പുതിയ പുതിയ അനുഭവങ്ങൾ ജീവിതത്തിൽ കാണുവാൻ കഴിയും. തകർന്നു എന്ന് തോന്നുമ്പോഴും, എന്തെല്ലാം നന്മകളാണ് നാം അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അവ കാണുവാൻ കണ്ണുകൾ ഉണ്ടാവട്ടെ! നവ ദർശനത്തോടെ നമുക്ക് ജീവിക്കാം.





JIJU E A
CM- CMRD
Thrissur

# ഒരു രാത്രിയിലെ പ്രണയം

ഞാൻ എറണാകുളത്ത് പഠിക്കുന്ന സമയം. വീട്ടിലൊന്നും പറയാതെ ചെന്നൈയിലേക്ക് പെട്ടെന്നൊരു യാത്ര, വെറുതെ ഒന്ന് അടിച്ചുപൊളിക്കാൻ , ഞങ്ങൾ നാലുപേരുണ്ടായിരുന്നു. വൈകീട്ട് ഒരു 7 മണിയോടെ ഞങ്ങൾ ചെന്നൈയിലെത്തി. അടുത്ത ദിവസം മുതൽ കറങ്ങാം എന്ന് കരുതി നേരെ ബുക്ക് ചെയ്ത റിസോർട്ടിലേക്ക് വച്ചുപിടിച്ചു.

റൂമിലെത്തി പിന്നെ വലിയ ആഘോഷവും തമാശയും വർത്തമാനങ്ങളുമൊക്കെയായിരുന്നു. ഒടുവിൽ രാത്രി ഏറെ വൈകിയപ്പോൾ ഓരോരുത്തരായി മയങ്ങിത്തുടങ്ങി. എനിക്ക് പക്ഷേ എത്ര കിടന്നിട്ടും ഉറക്കം വരുന്നില്ല. അല്ലെങ്കിലും എന്റെയൊരു ശീലമതാ... എവിടെ യാത്ര പോയാലും രാത്രി കിടക്കാൻ കുറച്ച് വൈകും.

അങ്ങനെ ഞാൻ റൂമിന്റെ പുറത്തിറങ്ങി റിസോർട്ടിലെ രാത്രി ഭംഗിയൊക്കെ കണ്ട് വെറുതെ നടക്കാൻ തുടങ്ങി. ആ നടത്തത്തിനിടയിലാണ് ഞാൻ അവളെ കാണുന്നത്.

വെറുതെയൊരു രസത്തിന് ഞാൻ പോയി ഒരു 'ഹായ്' പറഞ്ഞു. അവളും ഒറ്റയ്ക്കായതുകൊണ്ടാവും ഉടനെ തിരിച്ച് റിപ്ലേ തന്നു. അങ്ങനെ തുടങ്ങിയ സംസാരമായിരുന്നു അത്. അവളുടെ പേര് ഗൗരി. കോട്ടയത്തുനിന്ന് ഏതോ മെഡിക്കൽ ഫിൽഡ് സെമിനാറിന് വന്നതാണ്. സംസാരിച്ചു സംസാരിച്ച് ഞങ്ങൾ മെല്ലെ ആ റിസോർട്ടിന്റെ ഇടനാഴികളിലൂടെ ഒന്നിച്ച് നടക്കാൻ തുടങ്ങി.

ആ രാത്രി അവൾ എന്നോട് ഒരുപാട് കാര്യങ്ങൾ സംസാരിച്ചു. ഇടയ്ക്കെപ്പോഴോ ആണ് ഞാൻ അവളുടെ കണ്ണുകളിലേക്ക് ശ്രദ്ധിച്ചത്. അവൾ സംസാരിക്കുമ്പോൾ അവളുടെ കണ്ണുകളും കൂടെ എന്നോട് സംസാരിക്കുന്നുണ്ടായിരുന്നു. എന്തോ, എനിക്കും അത് കേട്ടിരിക്കാൻ വലിയ ഇഷ്ടം തോന്നി. സമയം കടന്നുപോയതറിഞ്ഞില്ല. ഒടുവിൽ ഏറെ വൈകി ഞങ്ങൾ പരസ്പരം ഒരു 'ഗുഡ് നൈറ്റ്' പറഞ്ഞു പിരിഞ്ഞു.

ഞാൻ റൂമിൽ വന്നു കിടന്നു. രാത്രി ഉറങ്ങാൻ വൈകിയതു കൊണ്ട് രാവിലെ എഴുന്നേറ്റപ്പോഴും നല്ല വൈകിയിരുന്നു. അപ്പോഴേക്കും 'രാവിലെ കാണാം' എന്ന് പറഞ്ഞുപോയ അവൾ സെമിനാറിനായി ഇറങ്ങിക്കഴിഞ്ഞിരുന്നു. പിന്നീട് ഞങ്ങളും ആ തിരക്കുകളിൽ അതങ്ങ് മറന്നു, ചെന്നൈ ഫുൾ ചുറ്റിക്കറങ്ങി ആഘോഷിച്ചു.

യാത്രയൊക്കെ കഴിഞ്ഞ് തിരിച്ച് എറണാകുളത്തെ റൂമിലെത്തി വെറുതെ ഇരുന്നപ്പോഴാണ് എനിക്ക് വീണ്ടും അവളെ ഓർമ്മ വന്നത്. അയ്യോ! അന്ന് അത്രയും സംസാരിച്ചിട്ടും അവളുടെ നമ്പറോ മറ്റു വിവരങ്ങളോ ഒന്നും ചോദിക്കാൻ പറ്റിയില്ലല്ലോ എന്ന് അപ്പോഴാണ് ഓർത്തത്. പേര് വെച്ച് സോഷ്യൽ മീഡിയയിലൊക്കെ ഒരുപാട് തിരഞ്ഞു നോക്കി, പക്ഷേ കിട്ടിയില്ല. ഒടുവിൽ ആ തിരച്ചിൽ അവിടെ ഉപേക്ഷിച്ചെങ്കിലും, ഇടയ്ക്കൊക്കെ എന്റെ മനസ്സിൽ അവളങ്ങനെ ഓടിയെത്താറുണ്ട്.

ഒരു രാത്രി മാത്രം നീണ്ടുനിന്ന പ്രണയം...

ആ നിമിഷങ്ങൾ എന്നും എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ ഓർമ്മകളായിരിക്കും. അല്ലെങ്കിലും ചിലർ അങ്ങനെയൊക്കെയാണ്, നമ്മുടെ ജീവിതത്തിലേക്ക് വളരെ അപ്രതീക്ഷിതമായി കടന്നുവരും... കൂടെയുണ്ടായിരുന്ന കുറച്ചു സമയം കൊണ്ട് ഭംഗിയുള്ള കുറെ ഓർമ്മകൾ സമ്മാനിക്കും. പിന്നീട് ചിലപ്പോൾ അവരെ നമ്മൾ കണ്ടു എന്ന് പോലുമില്ലായെന്ന് വരാം, എങ്കിലും അവർ തന്ന ആ ഓർമ്മകൾ എന്നും നമ്മളോടൊപ്പം കാണും!



**SAGEESH GIREESH**
Executive, marketing
Thrissur

## മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 34-ാം ശാഖ




മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 34ാമത് CFC ഉദ്ഘാടനം തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീമതി. പൂർണ്ണിമ സുരേഷ് നിർവ്വഹിക്കുന്നു. സൊസൈറ്റി ചെയർമാൻ ശ്രീ ജിസ്സോ ബേബി, വൈസ് ചെയർപേഴ്സൺ ശ്രീമതി. മറിയാമ്മ പയസ്, ശ്രീ. സുനിൽ സൈമൺ, എന്നിവർ സമീപം.

## മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 35-ാം ശാഖ




മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 35ാമത് CFC ഉദ്ഘാടനം കഴക്കൂട്ടം എം.എൽ.എ ശ്രീ. വി. മുരളീധരൻ നിർവ്വഹിക്കുന്നു. സൊസൈറ്റി സിഇഒ ശ്രീ. ശിവപ്രകാശ് പി സമീപം.

# മീൻ മുളകിട്ടത്





**MARIYAMA PIOUS**
Vice Chairperson

## ആവശ്യമുള്ള സാധനങ്ങൾ

മീൻ - 1/2 KG
പച്ചമുളക് - 3 എണ്ണം
ഇഞ്ചി - 1 കഷണം
ചെറിയ ഉള്ളി (ചുവന്നുള്ളി) - 3 എണ്ണം
വെളുത്തുള്ളി - 1 അല്ലി
കറിവേപ്പില - ആവശ്യത്തിന്
മുളകുപൊടി - 2 ടീസ്പൂൺ
മഞ്ഞൾപ്പൊടി - 1/4 ടീസ്പൂൺ
ഉപ്പ് - പാകത്തിന്
പുളി (വാളൻപുളി / കുടംപുളി) - പാകത്തിന്
വെളിച്ചെണ്ണ - ആവശ്യത്തിന്

## തയ്യാറാക്കുന്ന വിധം

മീൻ കഴുകി വൃത്തിയാക്കി അരിപ്പയിൽ ഊറാൻ വെക്കുക. മീൻചട്ടി അടുപ്പിൽ വെച്ച് ചൂടാകുമ്പോൾ വെളിച്ചെണ്ണ ഒഴിക്കുക. അതിലേക്ക് ചെറുതായി അരിഞ്ഞുവെച്ച ഇഞ്ചി, പച്ചമുളക്, ചുവന്നുള്ളി, വെളുത്തുള്ളി അല്ലി, കറിവേപ്പില എന്നിവ ചേർത്ത് മൂപ്പിക്കുക. സ്റ്റവ് സിമ്മിലിട്ട ശേഷം അതിലേക്ക് മുളകുപൊടി, മഞ്ഞൾപ്പൊടി എന്നിവ ചേർക്കുക. അത് മൂത്തുവരുമ്പോൾ പുളിവെള്ളം ഒഴിക്കുക. തിളച്ചുകഴിയുമ്പോൾ ഉപ്പ് ചേർത്ത്, മീൻ കഷ്ണങ്ങൾ അതിലിട്ട് വേവിക്കുക. ചാറ് നന്നായി കുറുകിവന്നാൽ സ്റ്റവ് ഓഫ് ചെയ്യാം. മീൻകറി തയ്യാർ!!

**കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച കുടംപുളി അച്ചാർ തയ്യാറാക്കുന്ന വിധത്തിൽ, ഇഞ്ചിയുടെ അളവ് '500 ഗ്രാം' എന്നതിന് പകരം '50 ഗ്രാം' എന്ന് തിരുത്തി വായിക്കേണ്ടതാണ്. തെറ്റായി പ്രസിദ്ധീകരിച്ചതിൽ ഖേദിക്കുന്നു.**

# നഷ്ടപ്രണയം



നിൻ പേരെഴുതിയ മണലിനു മീതേ
നിലാവിൽ നിന്നുടെ നിഴൽവീണൂ
കാറ്റിലുലഞ്ഞൊരു ശബ്ദമണഞ്ഞതു
കരിഞ്ഞപ്രണയച്ചിരിപോലെ!

കണ്ണീരായ് പെയ്ത നഷ്ട്ടമീ പ്രണയം
കരളിലൊരുങ്ങിയ സംഗീതം!
മൗനത്തിൽ നീന്തുമീ നിൻ ഓർമ്മയെന്നും
മോഹനനോവായി മാറുന്നു!

നീ വിട്ട വഴിയിലായ് പൂക്കൾ ചിതറി
കാലവും നിൽക്കുന്നു സ്തബ്ധമായി !
നോവിലും മാധുര്യം നൽകും പ്രണയം
കേവലം അത്ഭുതസ്വപ്നം പോൽ!

രാവായി തീർന്നീ നഷ്ട്ടമാം പ്രണയം
താരകൾ മാത്രമായ് സാക്ഷികൾ!
മോഹനരാഗങ്ങൾ വീശി വരുംപോൾ
മാനസം പാടുന്നു നിൻ ഗീതം!



**ABHILASH V**
SR. BRANCH MANAGER
Angamaly

# ആശംസകൾ



**മലങ്കര ക്രെഡിറ്റ് സൊസൈറ്റി ബാലരാമപുരം സിഎഫ്സിയിലെ മെമ്പറായ ശ്രീമതി. അലിഫാത്തിമയുടെ മകളുടെ വിവാഹത്തിന് സൊസൈറ്റിയുടെ മംഗളാശംസകൾ**

Congratulations


# THRISSUR



## Chairman's Ever Rolling Trophy
## Best Branch for the Month of July 2026

# Independence Day Celebration 2026 at Malankara Head Office








**VISHNUJITH**
CHERUVATHANI



**VAIDEHI**
D/o Gopika
Mundur





**ANANYA RAJ**
D/ O Sheeba S
Balaramapuram



**PRAYAG V P**
S/o Sarika
Poochatty







**SUBHASH N S**
Pallissery



**RUGWAITHA NIKHIL**
D/o Amrutha
Nadathara








**DEVAGANGA**
D/o Chinju
Thrissur



**JOEL B ARUN**
S/o Binitha D Das
Balarampuram



# Happy Birthday

## MALANKARA STAFF



**Ajaydas V C**
Registered Office



**Sageesh**
Registered Office



**Athira V K**
Tirur



**Sneha p**
Ottapalam



**Sivarenjini S B**
Trivandrum



**Sreekumar S**
Registered Office



**Hridhya T R**
Registered Office



**PRASHANTH**
Manjeri



**Rage Prabhakaran**
Thalassery



**Athira M**
Vadakkenchery



**Rahul Rarichan**
Cherthala



**Soniya p**
Palakkad



**Subitha M S**
Registered Office



**Krishnadas P M**
Main Branch



**Akshay M**
Calicut



**Anagha V Appu**
Thodupuzha



**ABHIJITH A S**
North paravur



**SALIHA AJ**
Main Branch



**Sachin Dev M S**
North Paravur



**Priya Clara P J**
Thoppumpady

## Induction Training Programme for New Employees



### Induction Training : 20 & 21 /07/2026

*Bottom - Left to Right : 1) Jincy P George 2) Devaki M V 3) Nidhi P G 4) Amritha Babu 5) Shyamkumar S 6) Sujith P S 7) Govindasamy R. Middle - Left to Right : 1) Aswathy D R 2) Sivarenjini S B 3) Jisni P M 4) Jilsa T J 5) Mahima P 6) Divya Sunesh 7) Sherin Kunjappan 8) Anupama P R 9) Monisha K M 10) Varsha R 11) Reshma A V 12) Kavya Krishnan 13) Ambily E D Top - Left to Right : 1) Aaditheyan D L 2) Akshay M 3) Arun Nath 4) Nandakumar N 5) Unnichandu M P 6) Rahul Rarichan 7) Harikrishnan S 8) Amal G Babu 9) Abhiram P 10) Ajmal Shamsudeen 11) Ajeesh S 12) Lijith C P*



### Induction Training : 03 & 04 /08/2026

*Bottom row (left to right) : Mr. Abhijith K G, Mr. Saravanakumar A, Mr. Prem Thomas Varghese, Mr. Jisso Baby (Chairman), Mrs. Rintuja T K, Mrs. Deepthi P P, Ms. Amalu P S & Mr. Blessin Sunny*

*Middle row (left to right) : Mr. Arjun M Nair, Mrs. Soniya Ipe, Mrs. Hagitha C K, Mrs. Aswathi A, Mrs. Lini Scaria, Mrs. Limna Karthikeyan, Mrs. Mayusha Raj, Mr. Ubaida Ummer, Mrs. Lakshmi K N & Mrs. Adheena Mukundan*

*Third row (left to right) : Mr. Jose Prakash, Mr. Sanjaykumar P S, Mr. Deepak C P, Mr. Adithyan V, Mrs. Jerly Joy, Mrs. Sumayya S, Ms. Sreekutty S & Mrs. Sajeena M A*

# TOP PERFORMERS - BUSINESS CORRESPONDENT (BC) JULY 2026

## PERSONAL LOAN & LOAN AGAINST PROPERTY



ROSHINI



ANEESH K A



AMALA ANTONY

## CAR LOAN



ANIL KUMAR



NITHEESH JOSE

## DEPOSIT PRODUCTS TOP PERFORMERS FOR JULY 2026 ASSIST TO MEMBER (AM)



C JOHNSON



LUCY THOMAS



JINO JOSE

## DEPOSIT PRODUCTS ACHIEVERS FOR JULY 2026 (MALANKARA STAFF)



JAYALEKSHMI K G
BRANCH MANAGER
TRIVANDRUM BRANCH



RATHEESH R
BRANCH MANAGER
PEROORKADA CFC



SINGI P S
BRANCH MANAGER
ERNAKULAM BRANCH

## നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു. നിങ്ങളുടെ കലാസൃഷ്ടികൾ 90725 97827 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ അല്ലെങ്കിൽ designer@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**

ഇമാഗസിൻ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ



ANNA ROSE JISSO
D/o Jisso Baby
Thrissur



ADHIDEV MENON
S/o Ajith Unnikrishnan
Vaduthala



SONIA SIMON
W/o Akhil Raphel
Thrissur